"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുന്നപ്ര സൗത്ത് ഗ്രാമ പഞ്ചായത്ത് - ഖര ദ്രവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 2021-22 വർഷം ഏറ്റെടുത്ത 5 പ്രോജക്ടുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2670/2022/LSGD തീയതി,തിരുവനന്തപുരം, 03-11-2022

---

പരാമർശം:-

(1) പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022-ലെ 1(9)-ാം നമ്പർ തീരുമാനം.

(2) ശുചിത്വമിഷൻ ആലപ്പുഴ ജില്ലാ കോഓർഡിനേറ്ററുടെ 10.06.2022-ലെ DS(SM)66/19/1-ാം നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022-ന്ന നടന്ന യോഗത്തിലെ തീരുമാനം നമ്പർ 2.3 ഖണ്ഡിക 4.72.

**ഉത്തരവ്**

ഖര-ദ്രവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന 5 പ്രോജക്ടുകൾ 2021-22 വർഷം പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇതിൽ 4 പ്രോജക്ടുകളിലായി 100 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. 2864 ബയോബിന്നുകളും വിതരണം ചെയ്തു. ഈ പ്രവൃത്തി ബിഡ്ഡിംഗ് കൂടാതെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) പാലക്കാടിനെയാണ് ഏല്പിച്ചിരുന്നത്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വികസന ഫണ്ട് ജനറൽ രൂപ | തനത് ഫണ്ട് | ഗുണഭോക്തൃ വിഹിതം രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്) രൂപ | ആകെ രൂപ |
|---|---|---|---|---|---|---|---|
| 1 | 38/22 | ബയോഗ്യാസ് പ്ലാന്റ് 0.5 M3 | 96,880 | 3,920 | 46,200 | 0 | 1,47,000 |
| 2 | 126/22 | ബയോഗ്യാസ് പ്ലാന്റ് 0.5 M3 | 0 | 0 | 59,400 | 1,29,600 | 1,89,000 |
| 3 | 121/22 | ബയോഗ്യാസ് പ്ലാന്റ് 0.75 M3 | 1,51,200 | 0 | 1,00,800 | 0 | 2,52,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 118/22 | ബയോഗ്യാസ് പ്ലാന്റ് 1 M3 | 3,38,400 | 0 | 2,96,100 | 0 | 6,34,500 |
| 5 | 113/22 | ബയോബിൻ | 0 | 1440 | 5,15,520 | 46,38,240 | 51,55,200 |
| | | ആകെ | 5,86,480 | 5,360 | 10,18,020 | 47,67,840 | 63,77,700 |

(2) നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന സമയത്ത് IRTC അല്ലാതെ മറ്റ് അക്രെഡിറ്റഡ് ഏജൻസി ഉണ്ടായിരുന്നോ എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ 21.08.2022 ലെ കോ ഓർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ 15.10.2022 ലെ യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന റിപ്പോർട്ട് നൽകുകയുണ്ടായി.IRTC-യുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് വച്ചത് 2021 ഡിസംബർ 23, 24, 29 തീയതികളിലായാണെന്നും, ഈ സമയത്ത് IRTC ക്കും 'റെയ്ഡ്കോയ്ക്കും' ഖരമാലിന്യ സംസ്കരണ മേഖലയിൽ അക്രഡിറ്റേഷൻ ഉണ്ടായിരുന്നതിനാൽ പ്രത്യേക പരിഗണന നൽകി സാധൂകരണം നൽകാവുന്നതാണെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

(3) മേൽ വിഷയം 15.10.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും ബിഡ്ഡിംഗ് നടത്തേണ്ടതായിരുന്നു എന്ന് യോഗം നിരീക്ഷിക്കുകയും ചെയ്തു. എങ്കിലും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശ പ്രകാരം സാധൂകരണം നൽകുന്നതിന് 15.10.2022-ലെ, 2.3 ഖണ്ഡിക 4.72 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022-ലെ തീരുമാനം നമ്പർ 2.3 ഖണ്ഡിക 4.72-ന്റെ അടിസ്ഥാനത്തിൽ, പുന്നപ്ര സൗത്ത് ഗ്രാമ പഞ്ചായത്ത് - ഖര ദ്രവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 2021-22 വർഷം ഏറ്റെടുത്ത മേൽ പട്ടികയിലെ 5 പ്രോജക്ടുകൾക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
സെക്രട്ടറി, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ഓഡിറ്റ്-I) / (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ&പി.ആർ.(വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Prasanth C**
**Date: 03-11-2022 16:12:24**

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ.-ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്.